നമ്പർ. EB5/39846/14/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

തിരുവനന്തപുരം

തീയതി: 06.05.2015

## സർക്കുലർ

വിഷയം:- സാങ്കേതികവിദ്യാഭ്യാസം - ട്രേഡ്സ്മാൻ / ട്രേഡ് ഇൻസ്ട്രക്ടർ - ശമ്പളസ്കെയിൽ പരിഷ്കരണം - സ്പഷ്ടീകരണം - ശമ്പളം ക്രമപ്പെടുത്തൽ - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. സർക്കാർ ഉത്തരവ് (എം എസ്) നം. 09/2014/(183)/ഫിൻ, തീയതി: 07.01.2014.

2. ഈ കാര്യാലത്തിൽ നിന്നുള്ള, 04.03.2014 ലെ ഇബി2/37852/13 നമ്പർ സർക്കുലർ.

3. 03.04.2014 ലെ സർക്കാർ കത്ത് നം. 22192/പിആർസി-ഡി1/2014/ഫിൻ.

4. 07.05.2014 ലെ ഈ കാര്യാലയത്തിൽനിന്നുള്ള ഇബി2/37852/13 നമ്പർ കത്ത്

5. 06.04.2015 ലെ സർക്കാർ കത്ത് നം. 36877/എൽ1/14/ഉ.വി.വ.

ഒന്നാം സൂചനയിലെ സർക്കാർ ഉത്തരവിൻ പ്രകാരം ഈ വകുപ്പിലെ ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ എന്നീ തസ്തികകളുടെ ശമ്പളസ്കെയിൽ പരിഷ്കരിച്ചിരുന്നു. പരിഷ്കരിച്ച സ്കെയിലിൽ ജീവനക്കാരുടെ ശമ്പളം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങൾ വിവിധ സ്ഥാപനമേധാവികൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാരിൽനിന്നും, സൂചനകൾ 3,5 പ്രകാരം ലഭിച്ച സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ, ജീവനക്കാരുടെ ശമ്പളം ക്രമപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. 07.01.2014 ലെ ഉത്തരവിൻ പ്രകാരം ശമ്പളസ്കെയിൽ പരിഷ്കരിച്ചത് ബന്ധപ്പെട്ട തസ്തികകളുടെ വിദ്യാഭ്യാസയോഗ്യതകൾ ഉയർത്തിയതിന്റെ തുടർച്ചയായതിനാൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 30 പ്രകാരമുള്ള ശമ്പള ക്രമീകരണത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

2. അപ്രകാരം ശമ്പള ക്രമീകരണം നടത്തുമ്പോൾ പരിഷ്കരിച്ച സ്കെയിലിലെ ഏറ്റവും ചുരുങ്ങിയ തുകയേക്കാൾ കുറഞ്ഞ ശമ്പളമാണ് മുൻപത്തെ സ്കെയിലിൽ വാങ്ങിയിരുന്നതെങ്കിൽ, പരിഷ്കരിച്ച സ്കെയിലിന്റെ ഏറ്റവും ചുരുങ്ങിയ (minimum) തുകയിൽ ശമ്പളം നിർണ്ണയിക്കേണ്ടതാണ്.

3. പരിഷ്കരിച്ച സ്കെയിലിന്റെ ഏറ്റവും ചുരുങ്ങിയ തുകയും അതിനുമുകളിലും ശമ്പളം വാങ്ങുന്നവരുടെ കാര്യത്തിൽ മുൻപത്തെ സ്കെയിലിലെ 07.01.2014 ന് ശേഷമുള്ള വാർഷിക ഇൻക്രിമെൻറ് തീയതിയിലേക്ക് കെ.എസ്.ആർ. ഭാഗം 1 ചട്ടം 30 പ്രകാരമുള്ള ഐച്ഛികാവകാശം (option) നൽകാവുന്നതാണ്.

4. അടുത്ത ഇൻക്രിമെൻറ് പരിഷ്കരിച്ച സ്കെയിലിലേക്ക് മാറിയ തീയതി മുതൽ ഒരു വർഷം പൂർത്തിയാകുന്ന മാസം ഒന്നാം തീയതി മുതൽ നൽകാവുന്നതാണ്.

11/5

ഡോ. കെ വിജയകുമാർ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്)